# യഥാർത്ഥ ദൈവഭക്തി

## ഇയ്യോബ് 2:10

**"നാം ദൈവത്തിന്റെ കൈയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു."**

ഒരുപക്ഷെ ഇയ്യോബിന്റെ പുസ്തകം ആദ്യമായി വായിച്ചു തുടങ്ങുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇയ്യോബ് ഒരു തകർച്ചയുടെ, അല്ലെങ്കിൽ പ്രതിസന്ധിയുടെ, അതുമല്ലെങ്കിൽ നിരാശാജനകമായ ഒരു ജീവിതത്തിന്റെ നിഴലായി തോന്നിയേക്കാം. കാരണം അതിന്റെ ആദ്യ അദ്ധ്യായം അവസാനിക്കുമ്പോൾ, നീതിമാനും, ദൈവഭക്തനും, ഭൗതീകമായി വളരെയേറെ അനുഗ്രഹിക്കപ്പെട്ടവനുമായിരുന്ന ഇയ്യോബിന്റെ ജീവിതം പാടെ മറിയുകയാണ്. ദൈവത്തിന്റെ അനുവാദപ്രകാരം സാത്താൻ ഇയ്യോബിന്റെ ജീവിതത്തിൽ ഇടപെടുന്നതായി നമുക്ക് കാണാം. എന്നാൽ അവിടെയെല്ലാം തന്റെ ദൈവത്തോടുള്ള യഥാർത്ഥ ഭക്തി വെളിവായി വരുന്നതായി തുടർന്നുള്ള അദ്ധ്യായങ്ങളിൽ നമുക്ക് കാണാം. അതിനൊരുത്തമ സന്ദർഭമാണ് നാം മേൽവായിച്ചു കണ്ട വാക്യം.

പുറമെ കാണുന്നതായ സകല നന്മകളും നഷ്ടപ്പെട്ട ഇയ്യോബിന്, പിന്നെ അവശേഷിച്ചിരുന്നത് തന്റെ ഭാര്യ മാത്രമാണ്. കൂടെയിരുന്ന് തന്റെ ഭർത്താവിനെ ആശ്വസിപ്പിക്കേണ്ടിയതിനു പകരം, അവൾ അവനോട് പിറുപിറുത്തു കൊണ്ടിരിക്കുകയാണ്. വാക്യം 9 ൽ അവൾ അവനോട് 'നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളക' എന്നു പറഞ്ഞ് ഇയ്യോബിന്റെ ദൈവഭക്തിയെ പരിഹസിക്കുന്നു. എന്നാൽ അവളുടെ ഈ പെരുമാറ്റം കണ്ട ഇയ്യോബ് നീ ഒരു പൊട്ടിയാണെന്ന് അവളോട് പറയുന്നു. തുടർന്ന് ഒരു യഥാർത്ഥ ദൈവഭക്തന്റെ നാവുകളിൽ നിന്നും ഇത്തരം സന്ദർഭങ്ങളിൽ വരേണ്ടിയതായ സന്ദർഭോചിതമായ മറുപടിയും നമുക്കവിടെ കാണാം.

പ്രിയമുള്ളവരേ, നന്മകൾ ദൈവത്തിന്റെ ദാനമാണെന്നും, തിന്മകൾ പിശാച് കൊണ്ടു വരുന്നതാണെന്നും വിശ്വസിക്കുന്ന ധാരാളം പേർ ക്രിസ്തീയ സമൂഹത്തിൽ ഇന്നുണ്ട്. എന്നാൽ ദൈവത്തിന്റെ സ്വഭാവം തിരിച്ചറിഞ്ഞ, ഒരു യഥാർത്ഥ ദൈവഭക്തനെ സംബന്ധിച്ചിടത്തോളം, നന്മയായാലും, തിന്മയായാണെന്നു തോന്നിയാലും അത് ദൈവം അറിഞ്ഞു തന്നെ വരുന്നതാണെന്നുള്ള ഒരുറപ്പുണ്ടാകുന്നു. അത്തരത്തിലുള്ള ഒരനുഭവമാണ്, നന്മയും തിന്മയും കൊണ്ട് നിറഞ്ഞ ജീവിതത്തിൽ ദൈവത്തിനു മഹത്വം കൊടുക്കുവാൻ ഇയ്യോബിനു സംഗതിയായത്. നമുക്ക് തിന്മയായി തോന്നുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ നന്മക്കായിത്തീരേണ്ടതാണ്. അവൻ സകലവും; അതായത്

തിന്മയായിട്ടുള്ളതും, തന്റെ മക്കളുടെ ജീവിതത്തിൽ നന്മക്കായി കൂടിവ്യാപരിപ്പിക്കുന്ന ദൈവമാകുന്നു.

പ്രിയ ദൈവപൈതലേ, ബാഹ്യമായി, സകലരും, സകല കാര്യങ്ങളും നഷ്ടപ്പെട്ട ഇയ്യോബിന്റെ ജീവിതത്തിൽ, പിന്നീട് അവശേഷിച്ചത് ആത്മതലത്തിലുള്ള ദൈവഭക്തി മാത്രമാണ്. തന്റെ ജീവിതത്തിലെ അതിമഹത്തായതും അമൂല്യമായതുമായ ദൈവഭക്തിയുമായി വിട്ടുവീഴ്ച ചെയ്യുവാൻ ഇയ്യോബ് തയ്യാറായിരുന്നില്ല. പകരം ആ ദൈവഭക്തിയെ അവൻ മുറുകെ പിടിച്ചു കൊണ്ടിരുന്നു. അതിലൂടെ ദൈവത്തിന്റെ ശക്തി പിന്നത്തേതിൽ അവനിലേക്ക് വ്യാപരിക്കുവാൻ തുടങ്ങി. അനുഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞ പുതിയ ജീവിതത്തിന്റെ തുടക്കം അവിടെ നിന്നാരംഭിച്ചു. നമ്മുടെയും ജീവിതത്തിൽ പല അവസരങ്ങളിലും പലതും കൈവിട്ടു പോയെന്നാലും, ജീവിതം തന്നെ ആപത്ഘട്ടത്തിലായാലും ദൈവത്തോടുള്ള ഭക്തി മുറുകെ പിടിക്കുക; അവസാന ശ്വാസം വരെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**
ഇയ്യോബ് 42:12
ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു

ബ്രദർ. ബിനു ബേബി ആലപ്പുഴ 170